

മോട്ടാഡോൾ, ഷോളയാർ (ചിത്രം:എൻ.എ.നസീർ)

# കാടും ഫോട്ടോഗ്രാഫറും

പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർ **എൻ.എ. നസീർ** നടത്തിയ കാടൻ യാത്രകളിൽ രൂപംകൊണ്ട ചില വന്യചിന്തകൾ. പംക്തി തുടങ്ങുന്നു.

"വന്യജീവി ഫോട്ടോഗ്രാഫി ഒരു ധ്യാനമാണ്.
കാടെന്ന അത്ഭുതത്തിലേക്കുള്ള ലയനം.
അവിടെ ക്യാമറയില്ലാ ഫോട്ടോഗ്രാഫറില്ലാ
മുൻവിധികൾക്കോ കണക്കുകൂട്ടലുകൾക്കൊന്നും
അവിടെ സ്ഥാനമില്ല.
എല്ലാം സംഭവിക്കുകയാണ് ചെയ്യുന്നത്"

●

"ഒരു ഫോട്ടോഗ്രാഫർ എന്ന നിലയിൽ
നാട്ടിൽ നിങ്ങൾക്കൊരു തിണ്ണമിടുക്കുണ്ട്.
നിങ്ങളുടെ ഇഷ്ടപ്രകാരം മോഡലിനെ നിയന്ത്രിക്കാം,
പ്രകാശം ക്രമീകരിക്കാം, ആംഗിളുകൾ ചിട്ടപ്പെടുത്താം,
ക്യാമറ എവിടെ വയ്ക്കണമെന്നൊക്കെ നിങ്ങൾക്കു
തീരുമാനിക്കുവാനും നിയന്ത്രിക്കുവാനുമാകും.
പക്ഷെ...
നിങ്ങൾ ക്യാമറയുമായി കാട്ടിലാണെങ്കിൽ
കാടായിരിക്കും നിങ്ങളെ നിയന്ത്രിക്കുക
നിങ്ങൾ എവിടെ നിൽക്കണം നിൽക്കുവാൻ പാടില്ല,
എപ്പോൾ ചലിക്കണം, ചലിക്കുവാൻ പാടില്ല,
ക്യാമറ എവിടെ വയ്ക്കണം, വയ്ക്കുവാൻ പാടില്ല
അങ്ങനെ നിങ്ങളുടെ ഓരോ ചെറുചലനങ്ങളും
ശ്വാസോച്ഛ്വാസം വരെ കാടായിരിക്കും നിയന്ത്രിക്കുക"

●

"പരിസ്ഥിതി കോട്ടങ്ങൾക്കെതിരെ
ശക്തമായി ഇടപെടുമ്പോഴും, കാടിനെക്കുറിച്ചും
അതിലെ ജീവജാലങ്ങളെക്കുറിച്ചും അറിവുകൾ
തേടുമ്പോഴുമാണ് ഒരു ഫോട്ടോഗ്രാഫർ
യഥാർത്ഥ വന്യജീവി ഫോട്ടോഗ്രാഫർ ആകുന്നത്."